**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3669** **05-08-2021 - ൽ മറുപടിയ്ക്ക്**

**അർബൻ സഹകരണ ബാങ്കുകളിലെ റിസർവ് ബാങ്ക് ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾ മരവിപ്പിച്ച് അർബൻ സഹകരണ ബാങ്കുകളിൽ റിസർവ്വ് ബാങ്ക് ഇടപെടൽ നടത്തുന്ന നയത്തിൽ നിലപാട് വ്യക്തമാക്കാമോ; | (എ) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങളിലൂടെ സഹകരണ ബാങ്കുകളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരുടെ യോഗ്യതകളും അയോഗ്യതകളും നിശ്ചയിക്കുന്നതിനും അവരുടെ നിയമനം, നീക്കം ചെയ്യൽ എന്നിവയ്ക്കും സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കുന്നതിനും ഭരണസമിതിയെ നീക്കം ചെയ്യാനും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ടി ഭേദഗതി വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ ബൈലോ റദ്ദാക്കാൻ പോലും RBI-യ്ക്ക് ഇതിലൂടെ അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധവും സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നവയുമാണ്. ബാങ്കിംഗ് നിയമ(ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14- ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐക്യകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. |
| (ബി) | അർബൻ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടറെ | (ബി) | റിസർവ് ബാങ്കിന്റെ 25.06.2021-ലെ RBI/2021- |

| | | | |
|---|---|---|---|
| | നിയമിക്കണമെന്ന തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | | 22/60 DOR. GOV.REC.25/12.10.000/2021-22 നമ്പർ സർക്കുലർ പ്രകാരം അർബൻ സഹകരണ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടത് അതാത് ബാങ്കുകളാണ്. |

സെക്ഷൻ ഓഫീസർ